"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് കൃഷി ഡയറക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.843/2024/DMD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:- 1. കൃഷി വകുപ്പ് ഡയറക്ടറുടെ 24/08/2024 ലെ ADFW/5277/2024-TRI നമ്പർ കത്ത്

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ 24/10/2024 ലെ യോഗ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

വിള നാശത്തിനുള്ള നഷ്ടപരിഹാരം കർഷകർക്ക് നൽകുന്നതിന് കുടിശ്ശിക ഉണ്ടെന്നും ആയത് അനുവദിക്കുന്നതിനായി എയിംസ് പോർട്ടലിൽ റിപ്പോർട്ട് പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതം അനുവദിക്കുന്നതിനായി ചുവടെ കാണുന്ന പ്രകാരം തുക ആവശ്യമാണെന്ന് കൃഷി വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

| കാലയളവ് | ശീർഷകം | ആവശ്യമായ തുക |
|---|---|---|
| 01/04/2021 to 31/01/2024 | 2245-02-101-95-00 NV | 1,09,49,728 |
| 01/02/2024 to 15/05/2024 | 2245-01-101-99-00 NV | 4,33,59,005 |
| 16/05/2024 to 22/08/2024 | 2245-02-101-95-00 NV | 1,86,44,114 |
| | **ആകെ** | **7,29,52,847** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിള നാശത്തിനുള്ള നഷ്ടപരിഹാരം കർഷകർക്ക് നൽകുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിഹിതം അനുവദിക്കുന്നതിനായി 2245-02-101-95-00 NV എന്ന ശീർഷകത്തിൽ നിന്ന് 2,95,93,842/- രൂപയും, 2245-01-101-99-00 NV എന്ന ശീർഷകത്തിൽ നിന്ന് 4,33,59,005/- രൂപയും കൃഷി വകുപ്പ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ

രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
കൃഷി വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 13-11-2024 14:43:37